(ബി) പ്രസ്തുത വർക്കുകളുടെ പുരോഗതി വർഷം തിരിച്ച് ലഭ്യമാക്കുമോ ;

(സി) ഭരണാനുമതി ലഭിച്ചശേഷം ആരംഭിക്കാത്ത വർക്കുകൾ ഭാഗികമായി പൂർത്തീകരിച്ച വർക്കുകൾ എന്നിവയുടെ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴി തിരുവനന്തപുരം ജില്ലയിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഭരണാനുമതി നൽകിയവർക്കുകളുടെ പേരും പുരോഗതിയും സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഇ-ഗ്രാന്റ്സ് പദ്ധതി

97 (7660) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിൽ ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിൽ 2014-15 വർഷത്തിൽ ഇ-ഗ്രാന്റ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2014-15 വർഷത്തിൽ ഫിഷറീസ് വകുപ്പിൽ ഇ-ഗ്രാന്റ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സി-ഡിറ്റ് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. ആദ്യഘട്ടത്തിൽ ഏകദേശം അയ്യായിരത്തോളം വരുന്ന പോസ്റ്റ്മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ് മുഖേന വിദ്യാഭ്യാസാനുകൂല്യം നൽകുന്നതാണ്. തുടർന്ന് രണ്ടാംഘട്ടത്തിൽ പ്രീ-മെട്രിക് കുട്ടികൾക്കും ഇ-ഗ്രാന്റ് പദ്ധതിയിലൂടെ വിദ്യാഭ്യാസാനുകൂല്യം നൽകുന്നതാണ്. എസ്.സി/എസ്.ടി. വകുപ്പിൽ ഇപ്പോൾ ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിന്റെ അതേ മാതൃകയിലുള്ള സോഫ്റ്റ് വെയറാണ് ഫിഷറീസ് വകുപ്പിനുവേണ്ടിയും തയ്യാറാക്കുന്നത്. 11,24,161 രൂപ ചെലവുവരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യം വളർത്തുന്നതിനുള്ള പദ്ധതികൾ

98 (7661) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പിൽ കഴിഞ്ഞ സാമ്പത്തികവർഷം മത്സ്യം വളർത്തുന്നതിനുള്ള എത്ര പദ്ധതികൾ അനുവദിച്ചു എന്ന് അറിയിക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly